## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 953** 11.3.2015 ന് മറുപടിയ്ക്ക്

### ഐ. ടി. ഐ. ക്ക് ഗ്രാമപഞ്ചായത്ത് നൽകിയ സ്ഥലം

*ചോദ്യം* *ഉത്തരം*

ശ്രീ.പി.ശ്രീരാമകൃഷ്ണൻ :

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

(എ) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി ഗവൺമെന്റ് ഐ.ടി.ഐ. ക്ക് ഗ്രാമപഞ്ചായത്ത് വിട്ടുനൽകിയ 50 സെന്റ് സ്ഥലം തൊഴിൽ വകുപ്പ് ഏറ്റെടുക്കുന്ന പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്നും വിശദമാക്കാമോ;

(ഡി) സ്ഥലം ഏറ്റെടുത്തിട്ടുണ്ടെങ്കിൽ കെട്ടിട നിർമ്മാണത്തിനായി തുക വകയിരുത്തി പ്രവൃത്തി നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

*(എ), (ബി), (സി) & (ഡി)* മാറഞ്ചേരി വില്ലേജ് റീ-സർവ്വേ നമ്പർ 135/4 ൽപ്പെട്ട 50 സെന്റ് ഭൂമിയും അതിലുള്ള കെട്ടിടങ്ങളും വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നതിന് ജി.ഒ. (ആർ.ടി) നം.1895/14/ത.സ്വ.ഭ.വ. തീയതി 19.7.14 പ്രകാരം മാറഞ്ചേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറി നൽകുന്നതിനായി റവന്യൂ വകുപ്പുമായി ചേർന്ന് തുടർ നടപടികൾ സ്ഥലത്തിന്റെ ഇപ്പോഴത്തെ ഉടമ എന്ന നിലയിൽ മാറഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും സ്വീകരിച്ച് വരുന്നു. സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾക്കായി തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ